# എൻമകജെ

അംബികാസുതൻ മാങ്ങാട്



മനുഷ്യന്റെ അന്ധമായ ഇടപെടൽമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക ദുരന്തങ്ങളുടെ മറ്റൊരു കഥകൂടി. കാസർകോട്ടെ എൻമകജെ എന്ന ഗ്രാമം എൻഡോസൾഫാൻ വിഷത്തിന് ഇരയാവുന്ന കഥ പറയുകയാണ് അംബികാസുതൻ മാങ്ങാട് ഈ നോവലിലൂടെ. നീണ്ട സമരങ്ങളിലൂടെയും പരിസ്ഥിതി-ജനകീയാരോഗ്യ-രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഇടപെടലുകളിലൂടെയും എൻഡോസൾഫാൻ വിഷവർഷം നിർത്തിയെങ്കിലും ഇനിയും ഉണ്ടാകാത്ത നമ്മുടെ പാരിസ്ഥിതിക ജാഗ്രതയ്ക്കുവേണ്ടിയുള്ള ഒരു നിലവിളിയാണ് ഈ കൃതി.

കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡിസി ബുക്സ്

www.dcbooks.com

നോവൽ

ISBN 978-81-264-2448-1

9 788126 424481 00018

E-book available

₹ 195

അംബികാസുതൻ മാങ്ങാട് • എൻമകജെ

DCB

18-ാം പതിപ്പ്



അംബികാസുതൻ മാങ്ങാട്

# എൻമകജെ

DCB

LIBRARY
College of Avian Sciences & Management
KVASU Thiruvazhamkunnu-678 601
2416

LIBRARY
College of Avian Sciences & Management
KVASU Thiruvazhamkunnu-678 601
2416

32

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2416 Call No. ..........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## അംബികാസുതൻ മാങ്ങാട്

കാസർകോട് ജില്ലയിലെ ബാരഗ്രാമത്തിൽ ജനനം. റാങ്കുകളോടെ എം.എ., എം.ഫിൽ ബിരുദങ്ങൾ. 'കഥയിലെ കാലസങ്കല്പം' എന്ന വിഷയത്തിൽ ഡോക്ടറേറ്റ്. കാരൂർ, ഇടശ്ശേരി, അങ്കണം, ചെറുകാട്, അബുദാബിശക്തി, മലയാറ്റൂർ പ്രൈസ്, വി.ടി. ഭട്ടതിരിപ്പാട്, എസ്.ബി.ടി., കോവിലൻ, വി.പി. ശിവകുമാർ കേളി അവാർഡ് തുടങ്ങി ഇരുപത്തഞ്ചോളം പുരസ്കാരങ്ങൾ. *കൊമേർഷ്യൽ ബ്രെയ്ക്കിന്* മികച്ച ചെറുകഥയ്ക്കുള്ള കേരള സർക്കാരിന്റെ ടെലിവിഷൻ അവാർഡ് 2002-ൽ ലഭിച്ചു. *ജീവിതത്തിന്റെ ഉപമ*യുടെയും (ആദ്യ കാമ്പസ് നോവൽ) *പൊഞ്ഞാറി*ന്റെയും (ആദ്യ നാട്ടുഭാഷാ നിഘണ്ടു) എഡിറ്റർ. നാല് നിരൂപണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. *മരക്കാപ്പിലെ തെയ്യങ്ങൾ* ആദ്യനോവൽ. *എൻമകജെ* കന്നടയിലും തമിഴിലും പ്രസിദ്ധീകരിച്ചു. കഥകൾ വിവിധ ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും വിവർത്തനം ചെയ്തിട്ടുണ്ട്. ഇപ്പോൾ കാഞ്ഞങ്ങാട് നെഹ്റു കോളജിൽ മലയാളവിഭാഗം അധ്യക്ഷൻ.

അംബികാസുതൻ മാങ്ങാടിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കഥകൾ*
കാടിനുള്ളിൽ രഹസ്യമായി
ഒഴുകുന്ന നദികൾ
വാലില്ലാത്ത കിണ്ടി
ഒതേനന്റെ വാൾ
രാത്രി
നീരാളിയൻ
തിരഞ്ഞെടുത്ത കഥകൾ
രണ്ടുമത്സ്യങ്ങൾ
എന്റെ പ്രിയപ്പെട്ട കഥകൾ

*നോവലെറ്റ്*
രണ്ട് മുദ്ര

*നോവൽ*
മരക്കാപ്പിലെ തെയ്യങ്ങൾ
എൻമകജെ

*നിരൂപണം*
സി.പി. അച്യുതമേനോനും
മലയാള വിമർശനവും

അംബികാസുതൻ മാങ്ങാട്

# എൻമകജെ

ഡിസി ബുക്സ്

MALAYALAM LANGUAGE
Enmakaje

LITERATURE/NOVEL
*by* Ambikasuthan Mangad

Rights Reserved

First Published August 2009
This edition - March 2019

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Ambikasuthan Mangad.
Enmakaje/Ambikasuthan Mangad.
200p., 21cm.
ISBN 978-81-264-2448-1.
1. Malayalam novel. I. Title.
8M3* - dc22.
*(This is local variation of DDC number for Malayalam literature: Enmakaje).

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-2448-1

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1192/18-19-Sl.No. 18852-dcb 4199-(18) 2000-4027-03-19-Spb. 18.6-p as-r(t) sh-d(t) ga

## ഒന്ന്

പുരുഷന്റെ കണ്ണുകൾ തുറിച്ചു. അവിശ്വസനീയമായിരുന്നു ആ കാഴ്ച. അയാൾ സംശയിച്ചു: എല്ലാം തന്റെ തോന്നൽ മാത്രമായിരിക്കുമോ?

ഒരു സ്വപ്നത്തിലൂടെ കടന്നുപോവുകയാണോ? മടക്കത്തി താഴെയിട്ട് മഞ്ഞച്ച ചൂരൽപ്പൊടിയിൽ മുങ്ങിയ വലംകൈ ഉയർത്തി സ്വന്തം നെറ്റിയിൽ അയാൾ ആഞ്ഞൊന്നടിച്ചു. അടിയുടെ ആഘാതത്തിൽ ചിമ്മിപ്പോയ കണ്ണുകൾ മലർക്കെ മിഴിച്ച് വീണ്ടും നോക്കി.

അല്ല, തോന്നലല്ല!

മുറ്റത്തിന്റെ അതിരിലെ കൂറ്റൻ ബലീന്ദ്രപാള*യുടെ ചുവട്ടിൽ സ്ത്രീ അനക്കമറ്റ് നിന്നു; പുരുഷന്റെ പ്രതികരണം അറിയാനെന്ന വിധം. അയാളുടെ നേർക്ക് അവൾ മുഖം കൂസലില്ലാതെ ഉയർത്തിപ്പിടിച്ചു. എങ്കിലും ഉള്ളിലൊരു കൊടുങ്കാറ്റിന്റെ ആരംഭം അവൾ അനുഭവിച്ചു. കൈയിലെ പഴന്തുണിയിൽ ചുരുണ്ടുകിടന്ന് ഉറക്കത്തിലാണ്ട കുഞ്ഞിനെ സധൈര്യം അവൾ ഉറ്റുനോക്കി. വീണ്ടും മാറോട് ചേർത്തു. ഭൂകമ്പമെന്തുണ്ടായാലും താൻ ഒട്ടും പതറിപ്പോവുകയില്ലെന്ന് അവൾ നിശ്ചയിച്ചിരുന്നു.

വർദ്ധിച്ച ആശ്ചര്യത്തോടെ വാ പൊളിച്ച് പുരുഷൻ സ്ത്രീ നെഞ്ചേറ്റിയ തുണിപ്പൊതിയിലേക്ക് ഒന്നുകൂടി നോക്കി. മനുഷ്യശിശുതന്നെയാണോ? അതോ കാട്ടിലെ ഏതെങ്കിലും മൃഗത്തിന്റെ കുഞ്ഞിനെ കൊണ്ടുവരികയാണോ?

സ്ത്രീ മുറ്റത്തേക്കു കയറി. പുരുഷനു ബോധ്യമായി. മനുഷ്യക്കുഞ്ഞ് തന്നെ. ഈ കൊടുംകാട്ടിലെങ്ങനെ കുഞ്ഞ് വന്നു? ഇവൾക്ക് എവിടെനിന്നു കിട്ടി? വല്ലവരും കൊണ്ടുവന്ന് കളഞ്ഞതായിരിക്കുമോ?

പെട്ടെന്ന് പുരുഷന്റെ ആശ്ചര്യത്തിലേക്ക് ദേഷ്യം ഇരമ്പിക്കയറി. തുറന്ന വായ ഏതാണ്ടും അടഞ്ഞു. ചുണ്ടുകൾ ഇരുവശത്തേക്കും നീണ്ട് വലിഞ്ഞു. എവിടെക്കിടന്നതായാലും ഇവളെന്തിനാണ് നെഞ്ചോടു ചേർത്ത് ഇങ്ങോട്ട് എഴുന്നള്ളിക്കുന്നത്?

സ്ത്രീ ഒരടികൂടി മുന്നോട്ടുവെച്ചു. അവളുടെ മുഖത്തുനിന്നും കണ്ണുകൾ പറിച്ചെടുക്കാതെ അയാൾ നിലത്തു വീണ കത്തി തപ്പിയെടുത്ത് ചാടിയെണീറ്റു. മൂർച്ചക്കത്തി അവളുടെ നേർക്ക് നീട്ടി രോഷത്തോടെ മുരണ്ടു:

"നിൽക്കവിടെ. എങ്ങോട്ടാണ് നീ കയറിവരുന്നത്? ഇനി ഒരടി മുന്നോട്ടു വയ്ക്കരുത്."

പരിഭ്രമം പുറത്ത് കാണിക്കാതെ അവൾ നിന്നു. ചുണ്ടിൽ വിളറിയ ഒരു ചിരി കത്തിച്ചുപിടിച്ചു.

* പാലമരം